പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2401

07.02.2019 - ൽ മറുപടിക്ക്

## പട്ടാമ്പി ഫയർ സ്റ്റേഷന് വ്യവസായ വകുപ്പിന്റെ സ്ഥലം

ചോദ്യം
ശ്രീ. മുഹമ്മദ് മുഹസിൻ പി.

മറുപടി
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

പട്ടാമ്പിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ടു നൽകുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദീകരിക്കാമോ ?

പാലക്കാട് ജില്ലയിൽ പട്ടാമ്പി നിയമസഭ മണ്ഡലത്തിൽ ഉൾപ്പെട്ട ഒറ്റപ്പാലം താലൂക്കിലെ കൊപ്പം പഞ്ചായത്തിൽപ്പെട്ട ആമയൂരിൽ ഒരു ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി വ്യവസായ വകുപ്പിനു കീഴിൽ ഉപയോഗരഹിതമായി കിടക്കുന്ന ഭൂമി അനുവദിക്കണമെന്നുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിരുന്നു.

എന്നാൽ പട്ടാമ്പി നിയമസഭ മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ളതും കൊപ്പം വ്യവസായ വികസന പ്ലോട്ടായി പ്രഖ്യാപിച്ചതുമായ 9.53 ഏക്കർ വ്യവസായ ഭൂമിയിൽ 6.53 ഏക്കർ ഭൂമി തദ്ദേശവാസികൾ കയ്യേറിയിരിക്കുകയാണ്. വ്യവസായ സംരംഭകർ ആവശ്യക്കാരായി ഉണ്ടെങ്കിലും, ഇതുമൂലം അവർക്ക് പോലും ഭൂമി അനുവദിക്കാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. ബാക്കിയുള്ള 3 ഏക്കർ സ്ഥലം വ്യവസായ വകുപ്പ് തിരിച്ചെടുത്ത് വിവിധ സംരംഭകർക്ക് അനുവദിച്ചു കഴിഞ്ഞു.

6.53 ഏക്കർ ഭൂമിയിൽ അനധികൃതമായി 68 കുടുംബങ്ങൾ പാർക്കുന്നുണ്ട്. ഇവരെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ജില്ലാ ഭരണകൂടവുമായി സഹകരിച്ച് 12/12/2018-ന് യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിലെ കൈയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.